എന്നു പറഞ്ഞാൽ മുൻകാലങ്ങളിൽ ഒരു വർക്കും ഉണ്ടായിരുന്നില്ല. ഇപ്പോൾ ധാരാളം വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹം തന്നെ അത് പരസ്യമായി അവിടെ യോഗത്തിൽ പറയുകയും ചെയ്തു. കായംകുളം മണ്ഡലത്തിന്റെ ചരിത്രത്തിൽ പി.ഡബ്ല്യു.ഡി. ഇത്രയും വർക്കുകൾ നടത്തിയിട്ടുള്ള കാലഘട്ടം ഉണ്ടായിട്ടില്ല എന്ന് പൊതുയോഗത്തിൽതന്നെ അദ്ദേഹം പ്രസംഗിച്ചു. തിരുവനന്തപുരത്തും അതേ. അപ്പോൾ മറ്റ് പ്രത്യേക വർക്കുകൾ ഏതൊക്കെയാണെന്ന് ഒന്നുകൂടി പരിശോധിക്കാം.

മി. സ്പീക്കർ : ഒന്നുകൂടി നോക്കിയിട്ട് വേണ്ടത് ചെയ്യുക.

(9) പാലക്കാട് വി.വി.പി. ഹൈസ്കൂൾ നിലനിറുത്തണമെന്ന ആവശ്യം

ശ്രീ. ടി.കെ. നൗഷാദ് : സർ, പാലക്കാട് വി.വി.പി. ഹൈസ്കൂൾ അടച്ചുപൂട്ടാതെ ശാശ്വതമായി നിലനിർത്തണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സ്കൂൾ മാനേജ്മെന്റ് നാട്ടുകാരുടെയും, അദ്ധ്യാപക-രക്ഷാകർതൃ സമിതിയുടെയുമൊക്കെ ധനസഹായത്തോടെ ആരംഭിക്കുന്ന സ്കൂളുകൾ ചില പ്രത്യേക ഘട്ടങ്ങളിൽ പൈസയുടെ താൽപ്പര്യംകൊണ്ട് അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷം ഇന്ന് കേരളത്തിൽ മൊത്തമുണ്ട്. അതുപോലെതന്നെയാണ് പാലക്കാട് വി.വി.പി. ഹൈസ്കൂൾ. 1993-ൽ അത് പൊന്നുംവിലയ്ക്ക് പോകുമെന്ന് കണ്ട് അടച്ചുപൂട്ടുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ തുടങ്ങിയപ്പോൾ ഇന്നത്തെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ വളരെ താൽപ്പര്യമെടുത്തുകൊണ്ടാണ് 1994-ൽ സർക്കാർ ഏറ്റെടുത്തത്. അത് വീണ്ടും 2000 ഏപ്രിൽ ഒന്നിന് സ്കൂൾ മാനേജർക്ക് ഒഴിഞ്ഞുകൊടുക്കണമെന്ന സ്ഥിതി വന്നിരിക്കുകയാണ്. കേരളാ എഡ്യൂക്കേഷൻ റൂളിലെ പ്രത്യേക വ്യവസ്ഥപ്രകാരം സ്കൂൾ മാനേജർക്ക് ഒരു നോട്ടീസ് നൽകി സ്കൂൾ ഏറ്റെടുക്കാൻ കഴിയുന്ന ഒരു സാഹചര്യം ഇന്ന് നിലനിൽക്കുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. ഇത് മറികടന്ന് അപ്പീൽ കൊടുക്കുന്നതിനും സ്കൂൾ നിലനിറുത്തുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പാലക്കാട് വി.വി.പി. ഹൈസ്കൂൾ 1989 മുതൽ സർക്കാർ ഏറ്റെടുത്ത് നടത്തിവരികയായിരുന്നു. ഇതിനെതിരായി മാനേജർ ഫയൽചെയ്ത ഒ.പി. നമ്പർ 3772/89 നമ്പർ മേൽ 7.6.1993-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ സ്കൂൾ മാനേജ്മെന്റിന് തിരികെ നൽകാൻ നിർദ്ദേശം നൽകിയിരുന്നു. ഈ വിധിക്കെതിരായി സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലും 1.4.2000 മുതൽ മാനേജ്മെന്റിന് സ്കൂൾ തിരികെ നൽകാൻ കോടതി ഉത്തരവായിട്ടുണ്ട്. വിധിയുടെ പകർപ്പ് ലഭിച്ചതിനുശേഷം എന്ത് നടപടി സ്വീകരിക്കണമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. കെ.ഇ.ആർ.ലെ വ്യവസ്ഥകളൊക്കെ മറികടന്നു ബഹുമാനപ്പെട്ട അംഗം പറഞ്ഞ രീതിയിൽ നടപടി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. നിയമപരമായി കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(10) കിള്ളിപ്പാലം മുതൽ വഴിമുക്കുവരെ എൻ.എച്ച്. 47 റോഡ് വികസനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, തിരുവനന്തപുരത്ത് ഏറ്റവും വലിയ വികസനം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. കിള്ളിപ്പാലം മുതൽ കരമനവരെയും, കരമനനിന്ന് പാപ്പനംകോട്വരെയും നാല് വരിപ്പാതയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. കരമന മുതൽ വഴിമുക്കുവരെ നാലുവരി

LIBRARY ARCHIVES Kerala Legislative Assembly

പാതയാക്കണം. ബാലരാമപുരം വളരെയേറെ തിരക്കുള്ള ഒരു പ്രദേശമെന്ന നിലയിൽ ഒരു പാരലൽ റോഡിനുള്ള സംവിധാനവും ഉണ്ടാകണം. കരമന പാലത്തിന് ഇപ്പോൾ ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല, പണം ഇല്ല. അതു കൊണ്ട് ബഡ്ജറ്റ് പ്രൊവിഷൻ കൊടുക്കണം. അതിന് ടി.എസും, എ.എസും കൊടുത്ത് അടിയന്തിരമായി കരമന പാലത്തിന്റെ പണി എത്രയും വേഗം പണി പൂർത്തിയാക്കണം. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ തിരുവനന്തപുരത്തെ പല പാലങ്ങൾക്കും മുൻകൈ എടുത്തതുപോലെ ഇതൊരു ഉന്നതസമിതി വിളിച്ചുകൂട്ടി അടിയന്തിരമായി ഈ പാലം പണിയണം. കരമന മുതൽ വഴിമുക്കുവരെ നാലുവരി പാതയാക്കാനുള്ള അടിയന്തിര നടപടി ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും, വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കന്യാകുമാരി-തിരുവനന്തപുരം എൻ.എച്ച് 47-ൽ കിള്ളിപ്പാലം മുതൽ കരമനവരെയുള്ള ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിന് മൊത്തം 1013 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള ചുമതല തിരുവനന്തപുരം വികസന അതോറിറ്റിയും റോഡ് നിർമ്മാണത്തിനുള്ള ചുമതല പൊതുമരാമത്ത് ദേശീയ പാതാ വിഭാഗത്തിനുമാണ്. മൂന്നു ഭാഗങ്ങളായി തിരിച്ച് ഭൂമി ഏറ്റെടുക്കൽ നടന്നുവരുന്നു. ഒന്നാമത്തെയും, രണ്ടാമത്തെയും ഭാഗങ്ങൾ ഏകദേശം പൂർത്തിയാകാറായി. മൂന്നാമത്തെ ഭാഗത്ത് ചില തർക്കങ്ങൾ ഉണ്ട്. അത് പരിഹരിച്ച് താമസംവിനാ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കും. കരമന പാലം, കിള്ളിപ്പാലം എന്നിവയുടെ പുനർ നിർമ്മാണത്തിന് സ്ഥലമെടുപ്പ് നടപടികളും പൂർത്തിയായിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. കരമന മുതൽ വഴിമുക്കുവരെ നിലവിലുള്ള റോഡ് ബി.എം. ആന്റ് എ.സി. ഉപയോഗിച്ച് ഇതിനകം ബലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം-നെയ്യാറ്റിൻകര കംബൈൻഡ് ബൈപാസ് വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ കരമന മുതൽ വഴിമുക്ക് വരെയുള്ള ഭാഗം നാലുവരി പാതയാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും അനുമതി ലഭിക്കാനുള്ള സാദ്ധ്യത കുറവാണ്.

(11) മൂവാറ്റുപുഴയിൽ മിനി സിവിൽ സ്റ്റേഷൻ

ശ്രീ. ജോണി നെല്ലൂർ : സർ, ഒരു ജില്ലാ ആസ്ഥാനത്തിന്റെ പ്രാധാന്യമുള്ള മൂവാറ്റുപുഴയിൽ നിരവധി സർക്കാർ ആഫീസുകൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. വാടക കെട്ടിടങ്ങളിലാണ് പല ഓഫീസുകളും ഇന്ന് പ്രവർത്തിക്കുന്നത്. ഇതെല്ലാംകൂടി ഒരു കോമ്പൗണ്ടിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു റവന്യൂ ടവർ മൂവാറ്റുപുഴയിൽ അനുവദിച്ച് ഉത്തരവായതാണ്. പിന്നീട് വന്ന ഗവൺമെന്റ് ആ തീരുമാനം മാറ്റുകയുണ്ടായി. എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, മൂവാറ്റുപുഴയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇന്ന് വിവിധ സ്ഥലങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സർക്കാർ ആഫീസുകൾ ഒരു കോമ്പൗണ്ടിൽ കൊണ്ടുവരുവാനുള്ള-അതിനാവശ്യമായ സ്ഥലം സർക്കാരിന്റെ ഉടമയിൽ തന്നെയുണ്ട്- ഒരു മിനി സിവിൽ സ്റ്റേഷൻ അടിയന്തിരമായി തുടങ്ങാൻ ആലോചിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly